# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ സപ്ലിമെന്റ് | 2006 ഒക്ടോബർ 12 | പേജ് 2


**മുഖലേഖനം**

## പരുമലയിൽ വീണ്ടുമൊരു അരുണോദയം

മലങ്കര ഓർത്തഡോക്സ് സഭയുടെ പാർലമെന്റായ പള്ളിപ്രതിപുരുഷയോഗം വീണ്ടുമൊരിക്കൽ കൂടി പരുമലയിൽ സമ്മേളിക്കുന്നു. ആധുനിക മലങ്കര അസോസിയേഷന്റെ ഈറ്റില്ലവും, സഭാചരിത്രത്തിന്റെ ഗതി തിരിച്ചുവിട്ടഅനേകം പള്ളിയോഗങ്ങൾ നടന്നിട്ടുള്ള പുണ്യഭൂമിയിൽ ഇത്തവണ സമ്മേളിക്കുന്നതും ചരിത്രപരമായ ഒരു നിയോഗത്തിനാണ്. പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായ്ക്ക് ശേഷം ഏറ്റവും കുറഞ്ഞ പ്രായത്തിൽ സഭയുടെ അമരക്കാരനാകുവാൻ കാതോലിക്കായായി തിരഞ്ഞെടുക്കപ്പെടുവാൻ ഭാഗ്യം സിദ്ധിച്ച അഭി. പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാനുള്ള ഈ സമ്മേളനം ഔപചാരികതക്കപ്പുറമായി ചരിത്രത്തിന്റെ നാഴികക്കല്ലായി മാറുകയാണ്. സീനിയർ മെത്രാപ്പോലീത്താമാരിലൊരാളെ ശ്രേഷ്ഠ നിയുക്ത കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയുമായി തിരഞ്ഞെടുക്കുന്ന പാരമ്പര്യത്തിന് വ്യതിയാനം വരുത്തിക്കൊണ്ട് ഒരു പുതിയ പാരമ്പര്യം ആരംഭിക്കുന്നത് ഉയർന്നുവന്ന ജനാഭിലാഷത്തെ നേതൃത്വം ഉൾക്കൊണ്ടതു മൂലമാണ്. ജനാഭിലാഷത്തെ ഉൾക്കൊള്ളുക എന്നത് സഭയുടെ ഒരു പഴയ പാരമ്പര്യമാണ്. ജനാധിപത്യത്തെപ്പറ്റി കേട്ടുകേൾവി പോലുമില്ലാതിരുന്ന കാലഘട്ടത്തിൽ പോലും പള്ളിപ്രതിപുരുഷന്മാർ സമ്മേളിച്ച് ജനാധിപത്യപരമായ രീതിയിൽ തീരുമാനങ്ങളെടുത്തിരുന്ന ഭാരതീയമായ ഈ സഭയ്ക്ക് ജനാഭിലാഷം എന്നതു താത്വികമായ ഒരു നിലപാട് എന്നതിലുപരിയായി നൈസർഗ്ഗികമായ വാസനാബലമാണ്.

ജനം തിരഞ്ഞെടുക്കുന്നതിന് വളരെ മുമ്പ് അഭി. പൗലൂസ് മാർ മിലിത്തിയോസിനെ ദൈവം ഈ സ്ഥാനത്തേക്ക് നിയോഗിച്ചിരുന്നു എന്നതാണ് സത്യം. എറണാകുളം സെന്റ് മേരീസ് പള്ളിയിലെ അസിസ്റ്റന്റ് വികാരിയായിരുന്ന മുപ്പത്തിനാലുകാരൻ മേൽപ്പട്ടസ്ഥാനത്തേക്ക് വിളിക്കപ്പെട്ടതും പ. ദിദിമോസ് ബാവായുടെ അസിസ്റ്റന്റാകുവാൻ നിയോഗം ലഭിച്ചതും സഭയിലെമ്പാടും അത്രയേറെ പ്രായം ചെന്നിട്ടില്ലാത്ത കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്താ വേണമെന്ന് ജനാഭിലാഷമുയർന്നതും എല്ലാം കൂട്ടിച്ചേർത്തു വായിക്കുന്നവർക്ക് ഈ സത്യത്തെ നിഷേധിക്കുവാനാവില്ല.

എണ്ണമറ്റ പ്രതിസന്ധികളിലൂടെയും അഗ്നിപരീക്ഷണങ്ങളിലൂടെയും ഈ സഭയെ കയ്യിലെടുത്തു പിടിച്ചു നടത്തിയ സഭാനാഥൻ, അത്യന്തം ആശങ്കാജനകമായ ദിവസങ്ങൾക്കൊടുവിൽ നൽകിയ വരദാനങ്ങൾ സഭാമക്കൾ പാഴാക്കാതെ നോക്കിയെന്നതും ദൈവശക്തിയാൽ തന്നെ. പ. വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്തെ ആർജ്ജവമുള്ള സഭാനേതൃത്വം പരാജയത്തിന്റെ ഗർത്തത്തിൽ നിന്ന് വിജയമുത്തുകൾ തപ്പിയെടുത്തെങ്കിൽ കഴിഞ്ഞ കുറേ കാലങ്ങളിലെ നേതൃത്വം സുനിശ്ചിത വിജയങ്ങളെ പരാജയത്തിന്റെ പടുകുഴിയിൽ വലിച്ചെറിയുന്ന കലയിൽ അതീവ പ്രാവീണ്യം നേടിയിരുന്നു. സഭാഭാസുരന്റെ കാലത്തെ വിജയങ്ങൾ നേടാനുള്ള നിശ്ചയദാർഢ്യത്തിലേക്ക് സഭ വീണ്ടും നീങ്ങുന്നതിന്റെ കൈചൂണ്ടിപ്പലകകൾ ദൃശ്യമാകുന്ന ഈ സമ്മേളനം ഭാവി ചരിത്രത്തിൽ സ്ഥാനം നേടുന്നത് അതുകൊണ്ട് തന്നെയായിരിക്കും. ഭരണപരമായ സുസ്ഥിരത, പ്രായാധിക്യത്തിന്റെ വിഷമതകൾ അലട്ടാത്ത നേതൃത്വം മുതലായവ സഭയുടെ കെട്ടുറപ്പിനെ ബലപ്പെടുത്തും എന്നതിൽ സംശയമില്ല. ഇടയന്മാർ ജനത്തിനിടയിലേക്കിറങ്ങിച്ചെല്ലുന്ന ഒരു വ്യവസ്ഥിതി സഭയിൽ ഇനിയും ഉരുത്തിരിയേണ്ടതായിട്ടാണിരിക്കുന്നത്. ജനത്തിന്റെ സ്പന്ദനങ്ങൾ മനസിലാക്കുവാനും അവരുടെ വ്യാകുലതകൾക്ക് ആശ്വാസമരുളാൻ സാധിക്കുന്നതുമാണ് സഭയുടെ പ്രധാന പ്രവർത്തനമേഖല എന്ന തിരിച്ചറിവ് ഉണ്ടാകുവാനുള്ള നിമിത്തമായിരിക്കട്ടെ ഈ മഹാസമ്മേളനം.

പുതിയ ശ്രേഷ്ഠ നിയുക്ത കാതോലിക്കായുടെ പ്രധാന പ്രവർത്തനമേഖലകൾ ഇടവക സേവനം, വിദ്യാർത്ഥിപ്രസ്ഥാനം, യുവജനപ്രസ്ഥാനം എന്നിവയാണ്. ഇതിനു മുമ്പുണ്ടായിരുന്ന പല സഭാതലവന്മാരിൽ നിന്നും വ്യത്യസ്തമായ ഒരു പശ്ചാത്തലമാണിത്. കത്തനാർ എന്ന നിലയിൽ മുറിമറ്റത്തിൽ ബാവാ ഒരു പൂർണ്ണ ഇടവകപ്പള്ളി ഭരണ പശ്ചാത്തലത്തിൽ നിന്നാണ് വന്നത്. വാകത്താനത്ത് ബാവായ്ക്ക് ഇടവക പള്ളിയേക്കാൾ ഭദ്രാസന ഭരണ പശ്ചാത്തലമാണ് ഉണ്ടായിരുന്നത്. എന്നാൽ കല്ലാശ്ശേരിൽ ബാവാ, ഔഗേൻ ബാവാ, മാത്യൂസ് ദ്വിതീയൻ ബാവാ, ദിദിമോസ് ബാവാ എന്നിവർ ദയറാ പശ്ചാത്തലമുള്ളവരും മാത്യൂസ് പ്രഥമൻ ബാവാ, വൈദികസെമിനാരി പ്രധാന പ്രവർത്തനമേഖലയാക്കിയിട്ടുള്ള വ്യക്തിയും കാനോൻ - നിയമ വിദഗ്ദ്ധനുമായിരുന്നു. ഇവരുടെ മുൻഗാമികളിൽ പുലിക്കോട്ടിൽ ദീവന്നാസ്യോസ് പഞ്ചമനും അദ്ദേഹത്തിന് മുമ്പുള്ള മലങ്കര മെത്രാപ്പോലീത്താമാരും മാത്രമാണ് ഇടവകസേവനം പ്രധാന പ്രവർത്തനമേഖലയായിരുന്നവർ. ഏതൊരു പ്രവർത്തനത്തിലേർപ്പെടുന്നവർക്കും തങ്ങളുടെ ആദ്യകാലാനുഭവങ്ങൾ പ്രവർത്തനശൈലിയെയും സമീപനങ്ങളെയും സ്വാധീനിക്കുന്ന ഒരു പ്രധാന ഘടകമായിരിക്കുമല്ലോ. അക്കാരണത്താൽ തന്നെ പുതിയ ശ്രേഷ്ഠ നിയുക്ത കാതോലിക്കായിൽ നിന്നും കൂടുതൽ ജനാഭിമുഖ്യവും യുവജനോന്മുഖതയും പ്രതീക്ഷിക്കാം. സഭയ്ക്ക് ഇന്ന് ഏറ്റവും ആവശ്യമായിട്ടുള്ള ചില ഊന്നലുകൾ ഈ മേഖലയിലാണെന്നതും യാദൃശ്ചികമല്ല. സഭയ്ക്ക് ചരിത്രത്തിന്റെ വിവിധ ദശാസന്ധികളിൽ ആനുയോജ്യരായ നേതാക്കളെ എഴുന്നേൽപ്പിച്ച സഭാനാഥൻ ഈ കാലഘട്ടത്തിനനുയോജ്യമായ നേതൃസ്ഥാനിയെ കണ്ടെത്തി എന്നതിന്റെ മറ്റൊരു സൂചന കൂടിയായി ഇതിനെ കണക്കാക്കാം.

പുതിയ നായകന് തന്നിലർപ്പിതമായിരിക്കുന്ന ഭാരിച്ച ഉത്തരവാദിത്തങ്ങളെ നിറവേറ്റുവാനും വാനോളമുയർന്നിരിക്കുന്ന ജനത്തിന്റെ പ്രതീക്ഷകളെ ഫലവത്താക്കുവാനും സാധിക്കട്ടെ എന്ന് അൽമായവേദി ആശംസിക്കുന്നു - എല്ലാ സഭാസ്നേഹികളോടുമൊപ്പം.

## മാറ്റത്തിന്റെ മൂന്നാമൂഴവുമായി കുന്നംകുളം

കോട്ടയം: പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുക്കപ്പെടുന്നതോടെ കുന്നംകുളം മലങ്കരസഭയ്ക്കു നല്കിയ മേല്പ്പട്ടക്കാരെല്ലാവരും സഭാദ്ധ്യക്ഷന്മാരാകുന്ന അപൂർവ്വ റിക്കാർഡിനുടമയായി.

മലങ്കരസഭാ ഭരണകേന്ദ്രത്തിൽ അനിവാര്യമായ ചില മാറ്റങ്ങൾ വരുത്തുവാനുള്ള നിയോഗവുമായിട്ടാണ് മുമ്പ് രണ്ടു പ്രാവശ്യവും കുന്നംകുളത്തു നിന്നുള്ള സഭാദ്ധ്യക്ഷന്മാർ രംഗത്തെത്തിയത്. പകലോമറ്റം മെത്രാന്മാരുടെ പാരമ്പര്യവാഴ്ച ജീർണതയിലെത്തിയപ്പോൾ ആ വ്യവസ്ഥിതി അവസാനിപ്പിച്ച് തെരഞ്ഞെടുക്കപ്പെടുന്ന മലങ്കര മെത്രാപ്പോലീത്താമാരുടെ പരമ്പരയ്ക്ക് തുടക്കം കുറിക്കാൻ നിയോഗം ലഭിച്ചത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയനാണ്.

വീണ്ടും തിരഞ്ഞെടുപ്പു കൂടാതെ അദ്ധ്യക്ഷസ്ഥാനത്തെത്തുകയും മലങ്കര പള്ളിയോഗത്തെ നിഷ്ക്രിയമാക്കി തന്നിഷ്ടപ്രകാരം ഭരിക്കുന്ന മെത്രാന്റെ ഏകനായകത്വം ദുസഹമായപ്പോൾ ആ ദുഃസ്ഥിതിക്കു പരിഹാരമുണ്ടാക്കാനും, മലങ്കര അസോസിയേഷനെ പുനഃസംഘടിപ്പിക്കാനും, ദൈവം തിരഞ്ഞെടുത്തത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പഞ്ചമനെയാണ്. ആധുനിക മലങ്കരസഭയ്ക്ക് ആത്മീയമായും ലൗകികമായും അടിത്തറയിടുവാനും അദ്ദേഹത്തിനു സാധിച്ചു.

സീനിയർ മെത്രാനെ കാതോലിക്കാ ആക്കുക എന്ന വർത്തമാനകാല പ്രവണത അവസാനിപ്പിച്ചുകൊണ്ടാണ് എട്ടു പേരുടെ സീനിയോറിറ്റി മറികടന്ന് പൗലൂസ് മാർ മിലിത്തിയോസിനെ കാതോലിക്കാ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കുന്നത്. അങ്ങനെ തിരുത്തലിന്റെ മൂന്നാമൂഴത്തിന്റെ നിയോഗം കുന്നംകുളത്തിനായി.



പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ വാണരുളുന്ന പ. ബസേലിയോസ് മാർ ത്തോമ്മാ ദിദിമോസ് പ്രഥമൻ



പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുക്കപ്പെടുന്ന കുന്നംകുളം ഇടവകയുടെ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ

## മലങ്കര പള്ളിയോഗം

**എം. കുര്യൻ തോമസ്**

മലങ്കരസഭയുടെ അത്യുന്നത പാർലമെന്റാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ. അതിനേക്കാൾ ഉപരിയായി മലങ്കരസഭയുടെ ശക്തിയും ചൈതന്യവുമാണ് അസോസിയേഷനും അതിന്റെ മാനേജിംഗ് കമ്മറ്റിയും.

ആദിമസഭയുടെ *സഭയെല്ലാം ഏകയോഗമായി* എന്ന ക്രൈസ്തവ തത്വശാസ്ത്രം ഇന്നും അഭംഗുരം പിൻതുടരുന്ന ഏക പുരാതന ക്രൈസ്തവസഭയാണ് മലങ്കരസഭ. നൂറ്റാണ്ടുകളുടെ ചരിത്രത്തിൽ മലങ്കരസഭയെ സംബന്ധിച്ച നിർണ്ണായക തീരുമാനങ്ങളെല്ലാം കൈക്കൊണ്ടിട്ടുള്ളത് *മലങ്കര പള്ളിയോഗമെന്ന* ഇടവക പള്ളികളുടെ പ്രാതിനിധ്യ സഭയാണ്. *സുന്നഹദോസ്* എന്ന അത്യുന്നത ബഹുമതി നാമത്തോടെയാണ് വൈദീകരും അവൈദീകരും യഥാക്രമം ഒന്നിന് രണ്ട് എന്ന അനുപാതത്തിൽ പങ്കെടുക്കുന്ന *മലങ്കര പള്ളി യോഗം* ചരിത്രത്തിൽ അറിയപ്പെടുന്നത്.

പോർട്ടുഗീസ് കാലഘട്ടത്തിനു മുമ്പുള്ള *മലങ്കര പള്ളിയോഗ*ങ്ങളെപ്പറ്റി കാര്യമായ രേഖകളൊന്നുമില്ലെങ്കിലും അന്നും *മലങ്കര പള്ളിയോഗം* ശക്തമായി നിലനിന്നിരുന്നു എന്നതിന് സൂചനകളുണ്ട്. കാലാകാലങ്ങളിൽ പേർഷ്യയിൽ നിന്നും വരുന്ന മെത്രാന്മാരും, പാരമ്പര്യവഴിക്ക് പകലോമറ്റം കുടുംബത്തിൽ നിന്നും ഉയർത്തപ്പെടുന്ന അർക്കദ്യക്കോന്മാരും *മലങ്കര പള്ളിയോഗ*ത്തിന്റെ അംഗീകാരം തേടണമായിരുന്നു.

പോർട്ടുഗീസ് കാലഘട്ടത്തിനു മുമ്പുള്ള *മലങ്കര പള്ളിയോഗ*ത്തിന്റെ ശക്തിയുടെയും അനുപേക്ഷണീയതയുടെയും ഏറ്റവും വലിയ തെളിവ് ഉദയംപേരൂർ സുന്നഹദോസ് തന്നെയാണ്. അവൈദീകർ പങ്കെടുക്കുന്ന സുന്നഹദോസ് ആ കാരണത്താൽ മാത്രം അസാധുവാകുമെന്ന റോമൻ കത്തോലിക്കാസഭയുടെ കാനോൻ നിലനിൽക്കെയാണ് റോമൻ കത്തോലിക്കാ ആർച്ച് ബിഷപ്പ് മെനസീസ് അവൈദീകർക്ക് ഭൂരിപക്ഷമുള്ള ഉദയംപേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടിയത്. ബലപ്രയോഗത്തിലൂടെയാണെങ്കിലും *മലങ്കര പള്ളിയോഗ*ത്തിന്റെ സമ്മതമില്ലാത്ത ഒരു തീരുമാനവും മലങ്കരസഭയിൽ നടപ്പാക്കാനാവില്ല എന്ന തിരിച്ചറിവാണ് മെനസീസിനെ സ്വന്തം സഭയുടെ നിയമം ലംഘിക്കാൻ പ്രേരിപ്പിച്ചത്.

ഉദയംപേരൂർ സുന്നഹദോസ് ആകട്ടെ, *മലങ്കര പള്ളിയോഗ*ത്തെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമമാണ് നടത്തിയത്. ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകളിലൊരിടത്തും *മലങ്കര പള്ളിയോഗ*ത്തിനോ അർക്കദ്യക്കോനോ എന്തെങ്കിലും അധികാരമുള്ളതായി സൂചന പോലുമില്ല. പക്ഷേ ഏതാനും വർഷങ്ങൾക്കുള്ളിൽത്തന്നെ മലങ്കര നസ്രാണികളുടെ പരമ്പരാഗത മേലധികാരികളായ അർക്കദ്യക്കോനും *മലങ്കരപള്ളിയോഗ*വും നഷ്ടപ്രതാപം വീണ്ടെടുത്തു.

അതിലുപരിയായി, 1632 ഡിസംബറിൽ ഇടപ്പള്ളിയിൽ ചേർന്ന *മലങ്കര പള്ളിയോഗം* അന്നു ഭരിക്കുന്ന റോമൻ കത്തോലിക്കാ ആർച്ച് ബിഷപ്പ് അർക്കദ്യക്കോന്റെ സമ്മതം കൂടാതെ *പട്ടക്കാരെ വാഴിക്കുക, വികാരിമാരെ നിയമിക്കുകയും നീക്കുകയും ചെയ്യുക, ആരെയെങ്കിലും മുടക്കുകയോ മുടക്കു നീക്കുകയോ ചെയ്യുക, മറ്റെന്തെങ്കിലും പ്രാധാന്യമുള്ള കാര്യങ്ങൾ ചെയ്യുക എന്നിവ പാടില്ലെന്നു വിലക്കി.*

1653-ലെ കൂനൻകുരിശു സത്യവും തുടർന്ന് തോമ്മാ അർക്കദ്യക്കോനെ മെത്രാനായി വാഴിച്ചതും പെട്ടെന്നുണ്ടായ വികാരപ്രകടനത്തിന്റെ പരിണിതഫലമായി പല ചരിത്രകാരന്മാരും ലാഘവപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ദീർഘകാലത്തെ ചിന്തയുടെ ഫലമായി പല *മലങ്കരപള്ളിയോഗ*ങ്ങൾ കൂടിയെടുത്ത തീരുമാനമായിരുന്നു ഇത്. 1652 ഓഗസ്റ്റിൽ ഉദയംപേരൂരിൽ കൂടിയ *മലങ്കര പള്ളിയോഗം* റോമൻ കത്തോലിക്കരുടെ തടവിൽ മൈലാപ്പൂരിൽ കഴിയുന്ന പൗരസ്ത്യ മെത്രാൻ മാർ അഹത്തുള്ളായെ മലങ്കരയിലെത്തിക്കാൻ തീരുമാനിച്ചു. മാർ അഹത്തുള്ളാ കൊച്ചിയിലെത്തിയെന്നറിഞ്ഞ *മലങ്കര പള്ളിയോഗം* മട്ടാഞ്ചേരിയിൽ അതേവർഷം ഡിസംബറിൽ സമ്മേളിച്ചു. ഈ യോഗമാണ് 1653 ജനുവരി മൂന്നിന് കൂനൻകുരിശു സത്യം ചെയ്ത് സ്വാതന്ത്ര്യം പ്രഖ്യാപിച്ചത്.

1653-ലെ മൂന്നു നോയമ്പിൽ എടപ്പള്ളിയിൽ ചേർന്ന യോഗം തോമ്മാ അർക്കദ്യക്കോനെ വേതലവനായി അംഗീകരിച്ചു. തുടർന്ന് അതേവർഷം മെയ് 22-ന് ആലങ്ങാട്ടു ചേർന്ന *മലങ്കര പള്ളിയോഗ*മാണ് അദ്ദേഹത്തെ മെത്രാനായി വാഴിക്കാൻ തീരുമാനിച്ചത്. ഇത്രയും ദീർഘമായ പരിചിന്തനങ്ങൾ നടത്തിയാണ് *മലങ്കര പള്ളിയോഗം* കൂനൻകുരിശു സത്യവും അനന്തരനടപടികളും ആസൂത്രണം ചെയ്തത്.

തുടർന്ന് 19-ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധം വരെയും മലങ്കര പള്ളിയോഗം ശക്തമായിത്തന്നെ നിലനിന്നു. സഭയെ സംബന്ധിച്ച എല്ലാ നിർണ്ണായക തീരുമാനങ്ങളും *മലങ്കര പള്ളിയോഗ*മാണ് ഇക്കാലത്ത് കൈക്കൊണ്ടിട്ടുള്ളത്. 1686-ൽ അലക്സാന്ത്രിയൻ വേദശാസ്ത്രം അംഗീകരിച്ചത് ചെങ്ങന്നൂർ

*(ശേഷം 2-ാം പേജിൽ)*

# അഭിനവ സമാധാനദൂതന്മാർ പഠിച്ചിരിക്കേണ്ട ചില പാഠങ്ങൾ

**ചരിത്രാന്വേഷി**

ഇപ്പോൾ കോടതിക്ക് പുറത്ത് സമാധാനമുണ്ടാക്കണമെന്നു പറയുന്നവരുടെ പൂർവ്വചരിത്രമെന്ത്? രണ്ട് സാമ്പിളുകൾ:

ശങ്കരന്റെ ജഡ്ജ്മെന്റ് എന്ന കുപ്രസിദ്ധമായ കേരള ഹൈക്കോടതിയുടെ 1956-ലെ വിധി അന്നത്തെ പാത്രിയർക്കീസ് പക്ഷത്തിന് അനുകൂലമായിരുന്നു. കോടതിച്ചിലവ് ഉൾപ്പെടെയായിരുന്നു വിധി. പ. ഗീവർഗീസ് ദ്വിതീയൻ ബാവാ ഉപയോഗിച്ചിരുന്ന കാർ ജപ്തി ചെയ്യുവാൻ ആ വിധിയുടെ അടിസ്ഥാനത്തിൽ നടപടി എടുത്തു എന്നു മാത്രമല്ല, വഴിയിൽ വച്ച് തടഞ്ഞുനിർത്തി കാർ ജപ്തി ചെയ്ത് നടുറോഡിൽ അദ്ദേഹത്തെ നിസ്സഹായനാക്കി നിർത്തുവാൻ പാത്രിയർക്കീസ്പക്ഷം പദ്ധതിയിട്ടു. പ്രായംചെന്ന ഒരു മനുഷ്യനോട് (വൃദ്ധൻ പുന്നൂസ് എന്നായിരുന്നല്ലോ അദ്ദേഹത്തെ പാത്രിയർക്കീസ് പക്ഷക്കാർ ബഹുമാനപുരസ്സരം സംബോധന ചെയ്തിരുന്നത്) കാണിക്കേണ്ട മാനുഷിക പരിഗണന പോലുമില്ലാത്ത പ്രവർത്തി. സംഗതി പക്ഷേ ചീറ്റിപ്പോയി. അന്നത്തെ സഭാനേതൃത്വത്തിൽ മണ്ടയിൽ മസാലയുള്ളവരുണ്ടായിരുന്നതിനാൽ ജപ്തി ചെയ്യാൻ വന്നവർക്ക് വന്നതിലും സ്പീഡിൽ തിരിച്ചുപോകേണ്ടി വന്നു (കാർ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ പേരിലല്ലായിരുന്നെന്ന് ജപ്തി ചെയ്യാൻ വണ്ടി തടഞ്ഞിട്ട ശേഷമാണ് മനസ്സിലായത്!).

പ. വട്ടശേരിൽ തിരുമേനിയുടെ കാലത്ത് കേസിൽ പരാജയപ്പെട്ടപ്പോൾ തിരുമേനി വാർദ്ധക്യത്തെയും സ്വപക്ഷക്കാരുടെ തടസ്സവാദങ്ങളെയും വകവക്കാതെ മർദീനിൽ പോയി പാത്രിയർക്കീസിനെ കണ്ട് സമാധാനമുണ്ടാക്കുവാൻ വേണ്ടി യാചിച്ചു. എല്ലാ അധികാരങ്ങളുമൊഴിച്ച് പരുമലയിൽ പോയി പ്രാർത്ഥിച്ചുകൊണ്ട് ശിഷ്ട ജീവിതം കഴിക്കാമെന്ന് വാക്കു പറഞ്ഞു. കാൽക്കൽവീണ് മാപ്പു പറയണമെന്ന വ്യവസ്ഥയും അംഗീകരിച്ച് കാൽക്കൽ വീണ വട്ടശ്ശേരിൽ തിരുമേനിയുടെ മുഖത്തു തൊഴിക്കയായിരുന്നു അന്നത്തെ പാത്രിയർക്കീസ് ചെയ്തത്.

സമാധാനദൂതന്മാരുടെ വേഷത്തിൽ പുത്തൻകുരിശു സൊസൈറ്റിയുടെ ട്രോജൻ കുതിരകളായി വേഷം കെട്ടിയാടുന്നവർ ഈ ചരിത്രമൊക്കെ ഒന്നു കൂടി വായിച്ചു നോക്കുന്നതു കൊള്ളാം. ഒപ്പം പുത്തൻകുരിശു സൊസൈറ്റിയിൽ സ്വന്തമായി ചിന്തിക്കാൻ കഴിവുള്ളവരും.

# മലങ്കര പള്ളിയോഗം

*(ഒന്നാം പേജിൽ നിന്നും)*

ചേർന്ന *മലങ്കര പള്ളിയോഗ*മാണ്. 1789-ൽ പുതിയകാവിൽ ചേർന്ന *മലങ്കര പള്ളിയോഗ*മാണ് അന്തോഖ്യൻ ആരാധനാക്രമങ്ങൾ ഭാഗികമായി അംഗീകരിച്ചത്. 1809 ചിങ്ങം 1-നു കണ്ടനാട്ടു ചേർന്ന *മലങ്കര പള്ളിയോഗ*മാണ് മറ്റെല്ലാ ആരാധനാക്രമങ്ങളെയും തിരസ്ക്കരിച്ച് പൂർണ്ണ അന്തോഖ്യൻ ആരാധനാക്രമങ്ങളെ അംഗീകരിച്ചതും, ഇടവകപള്ളികളുടെ ഭരണക്രമങ്ങളടക്കമുള്ള നിയമാവലി പാസാക്കി *കണ്ടനാട് പടിയോല* എഴുതിയതും.

1815-ൽ കേണൽ മൺട്രോയുടെ സമ്മർദ്ദവും പിൻതുണയും ഉണ്ടായിട്ടും ഏകപക്ഷീയമായി പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന് മേല്പട്ടസ്ഥാനം കൊടുക്കാനോ, അതുവഴി പകലോമറ്റം വാഴ്ച അവസാനിപ്പിക്കാനോ കിടങ്ങൻ മാർ പീലക്സിനോസ് തയാറായില്ല. മറിച്ച്, അപ്രകാരം ചെയ്യാനുള്ള അധികാരം *മലങ്കര പള്ളിയോഗ*ത്തിനാണെന്നു കാണിച്ച് അദ്ദേഹം കല്പനയയച്ചു. *മലങ്കര പള്ളിയോഗ*ത്തിന്റെ സമ്മതം വാങ്ങിയശേഷമാണ് മാർ ദീവന്നാസ്യോസ് ദ്വിതീയനെ വാഴിച്ചത്. പിന്നീട് പുന്നത്ര മാർ ദീവന്നാസ്യോസിനെയും ചേപ്പാട് മാർ ദീവന്നാസ്യോസിനെയും തിരഞ്ഞെടുത്തതും 1836-ൽ *മാവേലിക്കര പടിയോല*യിലൂടെ ആംഗ്ലിക്കൻ ബാന്ധവം അവസാനിപ്പിച്ചതും *മലങ്കര പള്ളിയോഗ*മാണ്.

വോട്ടിനിട്ടു ഭൂരിപക്ഷം ഉണ്ടാക്കുകയായിരുന്നില്ല അന്നത്തെ *മലങ്കര പള്ളിയോഗ*ത്തിന്റെ രീതി. മറിച്ച്, ഓരോ വിഷയവും ചർച്ച ചെയ്ത് സമവായമുണ്ടാക്കുകയായിരുന്നു. അപ്രകാരമുള്ള തീരുമാനങ്ങൾ സംബന്ധിച്ച നടപടിയോല (മിനിട്ട്സ്) എഴുതും. അവയാണ് *പടിയോല* എന്നറിയപ്പെടുന്നത്. മലങ്കര മെത്രാന്റെ ശക്തിയും ധൈര്യവുമായിരുന്നു എന്നും *മലങ്കര പള്ളിയോഗം*. തച്ചിൽ മാത്തു തരകന്റെയും മറ്റും റോമാ വഴക്ക ഭീഷണിയെ നേരിടാൻ വലിയ മാർ ദീവന്നാസ്യോസ് ഉപയോഗിച്ച മാർഗ്ഗങ്ങളിലൊന്ന് *യോഗസമ്മതം ഇല്ല* എന്ന കാരണമാണ്.

1836-നു ശേഷം *മലങ്കര പള്ളിയോഗം* ദുർബലമായി. യോഗസമ്മതം കൂടാതെ പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് മേല്പട്ടസ്ഥാനമേറ്റു രാജകീയ വിളംബരത്തിലൂടെ മലങ്കരസഭാഭരണം കൈയേറ്റു. ദീർഘമായ ഭരണകാലത്ത് വിരളമായി മാത്രമാണ് അദ്ദേഹം *മലങ്കര പള്ളിയോഗം* വിളിച്ചുകൂട്ടിയത്. അതോടെ *മെത്രാന്റെ ഏകനായകത്വ*ത്തിനെതിരായ മുറുമുറുപ്പ് ശക്തമായി.

ഈ സാഹചര്യത്തിലാണ് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ 1873-ൽ പരുമലയിൽ ഒരു *മലങ്കര പള്ളിയോഗം* വിളിച്ചുകൂട്ടിയത്. ഈ യോഗം പരിഷ്കൃതരീതിയിൽ *മലങ്കര പള്ളിയോഗ*ത്തെ പുനഃസംഘടിപ്പിച്ച് അതിന് ഒരു നിയമാവലിയും ഉണ്ടാക്കി. അസോസിയേഷൻ എന്നായിരുന്നു ഈ പുതിയ സംവിധാനത്തിന്റെ പേര്. അതിന് ഒരു മാനേജിംഗ് കമ്മറ്റിയെയും നിയമിച്ചു. പല കാരണങ്ങളാൽ പ്രവർത്തിപഥത്തിലെത്തിക്കാൻ സാധിക്കാതെ വന്ന പരുമല യോഗതീരുമാനമാണ് പിന്നീട് 1876-ൽ മുളന്തുരുത്തി സുന്നഹദോസിൽ പാസാക്കിയെടുത്തത്. 1873-ലെ യോഗം പരിഗണിച്ചാൽ ഇന്നത്തെ അസോസിയേഷൻ സംവിധാനത്തിന്റെ ഈറ്റില്ലം പരുമല സെമിനാരിയാണ്.

റോമൻ കത്തോലിക്കരും മലങ്കര കീഴടക്കാൻ തുടർന്നുവന്ന എല്ലാ വിദേശശക്തികളും വെറുക്കുകയും എതിർക്കുകയും ചെയ്ത ഒന്നാണ് *മലങ്കര പള്ളിയോഗം* അഥവാ അസോസിയേഷൻ. അതിൽനിന്നു തന്നെ ഇതാണ് മലങ്കരസഭയുടെ ശക്തിയും സ്വാതന്ത്ര്യ പ്രതീകവുമെന്ന് വ്യക്തമാണ്.


## അൽമായവേദി

**അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദിയുടെ മുഖപത്രം**

**വാർഷിക വരിസംഖ്യ: 100 രൂപ (ഇന്ത്യയിൽ)**

വിലാസം:

**AKHILA MALANKARA ORTHODOX ALMAYA VEDHI**
**Post Box No. 652,**
**Kottayam 686 001**

ചെക്ക്/ഡി. ഡി. എന്നിവ **ALMAYA VEDHI** എന്ന പേരിൽ എഴുതി അയയ്ക്കുക.


**ഓഫ് സൈഡ്-ഓഫ് സൈഡ്**

## എന്തു വിളിക്കും? എന്തു കൊടുക്കും?

കുന്നംകുളംകാർ ആകെ പ്രശ്നത്തിലാണത്രെ! *നമ്മടെ മെത്രാനെ ബാവാനാക്കിയപ്പം* എന്തു വിളിക്കുമെന്ന് ആദ്യ പ്രശ്നം. തൽക്കാലം *എളെ ബാവാ*യെന്നു വിളിച്ചു പരിഹരിക്കാമെന്നാണത്രെ തീരുമാനം.

*എളെ ബാവാന്* എന്തു കൊടുക്കും എന്ന തലവേദനയാണത്രെ ഇപ്പം കുന്നംകുളത്തുകാർക്ക്. *ബാവാന്റെ ഗ്ലാമറിനും കുന്നംകുളത്തിന്റെ പൗവ്വറിനും* ഇണങ്ങുന്ന ഒരു സമ്മാനം കണ്ടു പിടിക്കാനുള്ള ശ്രമത്തിലാണത്രെ കുന്നംകുളംകാർ.

# ദൈവം നല്കിയ അവസരം പ്രാർത്ഥനാപൂർവ്വം വിനിയോഗിക്കണം

**ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ**

കഴിഞ്ഞ മൂന്ന് വ്യാഴവട്ടക്കാലം പൈശാചിക ബന്ധനത്താൽ മലങ്കരസഭ സമൂഹമദ്ധ്യേ അവഹേളിതയായി. ഒരു പറ്റം പ്രമുഖരും, അവരുടെ ബിനാമികളായ ചില മേലദ്ധ്യക്ഷന്മാരും, രാഷ്ട്രീയക്കാരും, വ്യവസായികളും, റമ്പാനും, വൈദികരും സ്വാർത്ഥതയ്ക്കു വേണ്ടി മാർത്തോമ്മാശ്ലീഹായുടെ ഈ ഭാരതസഭയെ നട്ടം തിരിച്ചു. എല്ലാക്കാലത്തും എല്ലാവരേയും വഞ്ചിക്കാൻ സാധിക്കില്ല എന്ന തത്ത്വം ഇന്ന് വ്യക്തമായിരിക്കുന്നു. ആയതിനാൽ വി. മാർത്തോമ്മാശ്ലീഹായുടെയും, വി. കന്യക മറിയത്തിന്റെയും, പ. പരുമല തിരുമേനിയുടേയും, പ. വട്ടശ്ശേരിൽ തിരുമേനിയുടെയും, പ. പാമ്പാടി തിരുമേനിയുടെയും മറ്റു മൺമറഞ്ഞ പിതാക്കന്മാരുടെയും, പൂർവ്വപിതാക്കളായ അത്മായരുടെയും ആത്മാർത്ഥതയുള്ള പ്രാർത്ഥന മൂലം നമുക്ക് ഇന്ന് സ്വായത്തമായ ഈ മഹനീയ അവസരങ്ങൾ ഫലവത്തായി വിനിയോഗിക്കുവാൻ സഭാനേതൃസ്ഥാനികളും, വിശ്വാസിസമൂഹവും പ. കാതോലിക്കാ ബാ വായോടും ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവായോടും ഒത്തുചേർന്നു പ്രവർത്തിക്കണമെന്ന് സഭാമക്കൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

സുപ്രീംകോടതിയിൽ അവശേഷിക്കുന്ന കേസ് ഇനി അവധിക്കു വച്ച് നീട്ടാതെ തീർ ക്കണം. കേസിന്റെ ബൃഹത്തായ നടത്തിപ്പിന് വിഘാതങ്ങൾ ഒരുക്കി കേസ്സ് നീട്ടി വിഘടിതരുടെ ദല്ലാൾപണി നടത്തുന്ന ഏതു സ്ഥാനിയേയും, പ്രമുഖരേയും ശിക്ഷണനടപടിക്ക് വിധേയരാക്കണം. തിരുസഭ യ്ക്ക് ദോഷമായി നിരൂപിക്കയും, പ്രവർത്തിക്കുകയും ചെയ്യുന്ന ഏതു ഉന്നതന്റെയും നേരെ വിരൽ ചൂണ്ടാൻ വിശ്വാസികൾക്കു കഴിയണം. നിയമവും, നീതിയും, നടക്കണം. സഭയ്ക്ക് ആരുടെയും ഔദാര്യമല്ല ആവശ്യം. നീതി നടത്തിക്കിട്ടണം. സ്ഥാനമാനങ്ങൾ നിലനിർത്താൻ സഭയിൽ ഭിന്നതയുണ്ടാക്കുന്ന ഉന്നതന്മാരെ തിരിച്ചറിയണം.

സഭാ വിശ്വാസികൾ വിവിധ രാഷ്ട്രീയ അനുഭാവികളും വിവിധ ചിന്താഗതിക്കാരുമാകാം. വിവിധ പ്രസ്ഥാനങ്ങളിലെ ജീവനക്കാരുമാകാം. പക്ഷെ ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ച വി. മാർത്തോമ്മാശ്ലീഹായെ മറക്കരുത്. നസ്രാണി പൈതൃകവും, തോമ്മാ മാർഗ്ഗവും, ഭാരത സംസ്ക്കാരവും, തനിമയും നിലനിർത്തണം. രാഷ്ട്രീയ, മാദ്ധ്യമ, വ്യവസായ പ്രമുഖരുടെ താല്പര്യത്തിന് സഭയെ അടിയറ വയ്ക്കരുത്. ഭിന്നിപ്പിച്ചും, വീതിച്ചും, തവണ വച്ചും, വിഘടിതരെ പ്രീണിപ്പിച്ച് നിയമങ്ങളും, കോടതി ഉത്തരവുകളും കാറ്റി ൽ പറത്തുന്ന രാഷ്ട്രീയ മാധ്യമ സംസ്ക്കാരം നമുക്ക് ഇനി വേണമോ? വീതിക്കലും, പങ്കുവയ്ക്കലുമായി ഇപ്പോഴും ചിലർ ദേവലോകത്തിന്റെ അകത്തളങ്ങളിൽ കയറി ഇറങ്ങുന്നുണ്ട്. തങ്ങളുടെ ഔന്നത്യത്തിനും, സ്വാർത്ഥതയ്ക്കും ഉതകുംവിധം പ. സഭയേയും, സഭയുടെ പരമാദ്ധ്യക്ഷനേയും നിഷ്പ്രഭമാക്കുന്നവരെ വിശ്വാസികൾ ഇനി എങ്കി ലും തിരിച്ചറിയണം. നമുക്ക് നഷ്ടപ്പെട്ട, നഷ് ടപ്പെടുത്തിയ സഭാപരമായ തീഷ്ണതയും പ്രതിബദ്ധതയും നാം നിലനിർത്തിയേ മതിയാവൂ. സഭാപരമായി നമ്മുടെ പിതാവും നേ താവും, പ. ദിദിമോസ്സ് ബാവാ തന്നെ. വ്യവസായ, രാഷ്ട്രീയ, ഉദ്യോഗ താല്പര്യത്തിനാ യി സഭാപിതാവിനെ പരിഹാസപാത്രമാക്കു ന്ന സഭാനേതൃത്വത്തിലെ സ്ഥിരം സ്ഥാനികളും അവരുടെ ബിനാമികളായ വൈദിക പ്രമാണിമാരുമാണ് സഭാപ്രശ്നം നിലനിർ ത്തുന്നത്. ഇതിന് ഇനി അവസരം നല്കാതെ സാധാരണ അത്മായർ (വിശ്വാസികൾ) സംഘടിച്ചാൽ സഭ പൂർവ്വാധികം പുഷ്ടിപ്പെടാൻ അരുമനാഥൻ കടാക്ഷിക്കും.

ഇന്ന് അവസാനിക്കുന്ന ഈ അസ്സോസിയേഷനും, പുതുപ്പള്ളി വരവേല്പും സഭയുടെ ഉണർവിന് ഇടയാകട്ടെ. പൂർവ്വപിതാക്കളായ, പുലിക്കോട്ടിൽ തിരുമേനിമാരും, വട്ടശ്ശേരി തിരുമേനിയും, വള്ളിക്കാട്ടു ബാവായും, കുറിച്ചി ബാവായും, അവരുടെ ഭരണത്തിന്റെ ശക്തി പകരാൻ ഉപകരിച്ച പുതുപ്പ ള്ളി പുണ്യവാളന്റെ ശക്തി പ. ദിദിമോസ്സ് ബാവായ്ക്കും ശ്രേഷ്ഠ നിയുക്ത ബാവാ യ്ക്കും പകരാൻ നമുക്ക് പ്രാർത്ഥിക്കാം.

ഈ ചരിത്രം കുറിക്കുന്ന വരവേല്പിന് അണിയറയിൽ പ്രവർത്തിച്ച അത്മായരെ അവഗണിക്കാൻ ചില വൈദിക, മേലദ്ധ്യക്ഷ ഇടപെടൽ മനസിലാക്കാനുള്ള വിവേകം വിശ്വാസികൾക്കുണ്ട്. എന്നിരുന്നാലും സഭയും, സഭാപിതാവുമാണല്ലോ ഒന്നും നഷ്ടപ്പെടാനില്ലാത്ത സാധാരണ നസ്രാണിയുടെ സമ്പത്ത്.

കേരളത്തിലെ ഏറ്റവും വലിയ സമുദായ സംഘടനയായ എസ്. എൻ.ഡി. പി. യുടെ ശിവഗിരിമഠം പ്രശ്നം സുപ്രീംകോടതി വിധി പ്രകാരം ജസ്റ്റിസ് പരിപൂർണ്ണന്റെ നിരീക്ഷണത്തിൽ ഭംഗിയായി നടത്തി. ഗവൺമെന്റ് പോലീസ് സംരക്ഷണവും നല്കി നിയമം നടത്തി. ശിവഗിരി ട്രസ്റ്റിന്റെ പുതുതായി ചുമതലയേറ്റ സ്വാമി, പോലീസ് നടപടിയിലൂടെ കോടതിവിധി നടപ്പാക്കിയ അന്നത്തെ മുഖ്യമന്ത്രി എ. കെ. ആന്റണിയെ ശ്ലാഘിച്ച് പ്രസ്താവന പുറപ്പെടുവിച്ചു. അതേ ആന്റണി ഓർത്തഡോക്സ് സഭയുടെ കാര്യം വന്നപ്പോൾ ഒട്ടകപക്ഷിയെപ്പോലെ മണ്ണിൽ മുഖം പൂഴ്ത്തി നിന്നതെന്തേ? പക്ഷേ 1995 ലും, 2002 ലും നമുക്ക് സുപ്രീംകോടതി ഡിവിഷൻ ബഞ്ചിന്റെ വിധി കിട്ടി. നിരീക്ഷകനേയും കിട്ടി. എന്നാൽ അന്നത്തെ ഭരണകൂടം വിധി കാറ്റിൽ പറത്തി നിയമനിഷേധികളെ സംരക്ഷിച്ചും നിയമ വിരുദ്ധമായി ഖജനാവിലെ പണം മുടക്കി പോലീസ് സംരക്ഷണയോടെ പാത്രിയർക്കീസിനെ വരുത്തി നിയമയുദ്ധത്തിൽ തകർന്നവരെ ഉണർത്തി. നമ്മുടെ അന്നത്തെ സഭാനേതൃത്വത്തിൽ ചിലരുടെ ഒത്താശയും ഇതിന് ഉണ്ടായിരുന്നെന്ന് വിശ്വാസികൾ മനസ്സിലാക്കുന്നു. ഇതിനു സഹകരിച്ച ചില മാന്യന്മാരെ സമീപകാലത്തായി വിഘടിതരുടെ സ്റ്റേജുകളിലും പ്രസിദ്ധീകരണങ്ങളിലും സമാധാന പ്രഭുക്കളായി അവതരിപ്പിക്കുന്നുണ്ട്.

കാര്യങ്ങൾ ഇത്രയും ആയ സ്ഥിതിക്ക് മാർത്തോമ്മാമക്കൾ ഉണരണം, ഉയരണം. പ. ദിദിമോസ് ബാവായുടെ പിന്നിൽ അണിനിരക്കണം. ഭാരതസഭയുടെ തനിമയും നസ്രാണി പൈതൃകവും നിലനില്ക്കണം.

# പരുമല നിന്ന് പുതുപ്പള്ളി വഴി ജൈത്രയാത്ര ആരംഭിക്കുന്നു

പരുമല: മൂന്നു വ്യാഴവട്ടക്കാലത്തെ കാർമേഘപടലങ്ങളുടെ ഇരുളിൽ നിന്നും മോചനം നേടി മലങ്കര സഭാദ്ധ്യക്ഷന്മാരുടെ ജൈത്രയാത്ര പരുമലയിൽ നിന്നും ഒക്ടോബർ 12 ന് ആരംഭിക്കും. പുതുപ്പള്ളിയാണ് ഈ ജൈത്രയാത്രയുടെ ആദ്യഘട്ടം.

വിഭാഗീയ ചിന്തകളാൽ കലുഷിതമായ സഭാന്തരീക്ഷം മൂലം രണ്ടാം കാതോലിക്കായെ പരുമല നിന്നും ജലഘോഷയാത്രയായി നിരണം പള്ളിയിലേക്കാനയിച്ചു വാഴിച്ചതിനു ശേഷം സഭാദ്ധ്യക്ഷന്മാർക്ക് പരമ്പരാഗതമായ രാജകീയ എതിരേല്പ്പ് നൽകാൻ മലങ്കരസഭയ്ക്ക് സാധിച്ചിരുന്നില്ല. ഈ ദുരവസ്ഥ അവസാനിപ്പിച്ചുകൊണ്ട് മാർ മിലിത്തിയോസിന്റെ തിരഞ്ഞെടുപ്പു പ്രക്രിയ പൂർത്തിയാകുന്ന ഒക്ടോബർ 12 നു തന്നെ ഗംഭീരസ്വീകരണം പ. ദിദിമോസ് ബാവായ്ക്കും ശ്രേഷ്ഠ നിയുക്ത കാതോലിയ്ക്കായ്ക്കും ഏർപ്പെടുത്തിയിരിക്കുന്നു.

പുലിക്കോട്ടിൽ മാർ ദീവാന്നാസ്യോസ് അഞ്ചാമൻ തന്റെ ജൈത്രയാത്ര ആരംഭിച്ച പുതുപ്പള്ളിപ്പള്ളിയിലാണ് ആദ്യ സ്വീകരണം. പുതുപ്പള്ളിപ്പള്ളിയിൽ വച്ച് മലങ്കര മെത്രാപ്പോലീത്താ പ. വട്ടശ്ശേരിൽ തിരുമേനിയെ ഒഴിവാക്കി മലങ്കര സഭയുടെ ലൗകികാധികാരം കൈവശപ്പെടുത്താൻ അബ്ദുള്ളാ പാത്രിയർക്കീസ് ആരംഭിച്ച പരിശ്രമമാണ് മലങ്കര സഭയുടെ സ്വാതന്ത്ര്യസമരത്തിലും കാതോലിക്കേറ്റിന്റെ സ്ഥാപനത്തിലും കലാശിച്ചത്. അതേ പുതുപ്പള്ളി പള്ളിയിൽ നിന്നാരംഭിക്കുന്ന പ. ബാവായുടെയും ശ്രേഷ്ഠ നിയുക്ത ബാവായുടെയും ജൈത്രയാത്ര സഭയുടെ ഏകീകരണത്തിൽ കലാശിക്കുമെന്ന് വിലയിരുത്തപ്പെടുന്നു. തങ്ങളുടെ കണക്കുകൂട്ടലുകൾ തെറ്റിച്ചു കൊണ്ട് വടക്കുനിന്നും ചെറുപ്പക്കാരനായ ഒരു ശ്രേഷ്ഠ നിയുക്ത കാതോലിക്കാ തെരഞ്ഞെടുക്കപ്പെട്ടത് പുത്തൻകുരിശു സൊസൈറ്റിയെ അങ്കലാപ്പിലാക്കിയിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. ഓർത്തഡോക്സ് സഭയിൽ വടക്കർ അവഗണന നേരിടുന്നുവെന്ന പ്രചരണം ഇനി ഫലിക്കുകയില്ലായെന്നതും ശ്രേഷ്ഠ നിയുക്ത ബാവാ വിട്ടുവീഴ്ചകൾക്ക് തയ്യാറാവുകയില്ല എന്ന തിരിച്ചറിവും പുത്തൻ കുരിശു സൊസൈറ്റിയുടെ നിലനില്പുതന്നെ അപകടത്തിലാക്കിയിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ പുത്തൻ കുരിശു സൊസൈറ്റി നേരിട്ടുള്ള യുദ്ധത്തിൽ നിന്നു പിൻമാറി ഒളിപ്പോരിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെന്നു സൂചനകൾ. മലങ്കര സഭയ്ക്കു എന്നും ഭീഷണിയായ സഭയ്ക്കുള്ളിലെ അഞ്ചാം പത്തികൾ വിഭജിച്ചു പിരിയണമെന്ന ആശയവുമായി സമീപകാലത്ത് പെട്ടെന്നു സജീവമായതിന്റെ പിന്നിൽ പുത്തൻകുരിശു സൊസൈറ്റിയുടെ നയമാറ്റമാണെന്നു പറയപ്പെടുന്നു.

സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.
**Almayavedi:** Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi, PB No. 652, Kottayam - 686001, printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil Ph: 0481 - 2463138